MONDAY 21-11-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/11/2022.

1. കൃഷി വകുപ്പ് മന്ത്രി നയിക്കുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം 'കൃഷി ദർശൻ 'പരിപാടി നാളെ (നവംബർ 22-ന്) തലശ്ശേരി ബ്ലോക്ക് പിണറായി കൺവെൻഷൻ സെന്ററിൽ വച്ച് നടക്കും. കൃഷി ദർശനോട് അനുബന്ധിച്ച് നടത്തുന്ന കാർഷിക പ്രദർശനം നവംബർ 22-ന് സ്പീക്കർ എ എൻ ഷംസീർ ഉദ്ഘാടനം ചെയ്യുന്നതോടെ കൃഷിദർശന് തുടക്കം കുറിക്കും. അഞ്ചു ദിവസങ്ങളിലായി നീണ്ടുനിൽക്കുന്ന പരിപാടിയിൽ കാർഷിക പ്രദർശനത്തോടൊപ്പം തന്നെ കാർഷിക അദാലത്ത് കൃഷിയിട സന്ദർശനം, കൃഷിക്കൂട്ട സംഗമം, കാർഷിക സെമിനാർ എന്നിവ ഉണ്ടായിരിക്കും. മന്ത്രിമാർ, എംഎൽഎമാർ, എംപിമാർ, മറ്റു ജനപ്രതിനിധികൾ, കർഷകർ, സാമൂഹിക പ്രവർത്തകർ എന്നിവർ പങ്കെടുക്കും 26-ന് സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

2. കൃഷി വിജ്ഞാനകേന്ദ്രം സി പി സി ആർ ഐ കാസർഗോഡ് നവംബർ 25 മുതൽ 30 വരെ നീണ്ടുനിൽക്കുന്ന സാങ്കേതിക വിദ്യാ വാരാഘോഷവും കാർഷികമേളയും (കൃഷിദർപ്പൻ 2022) നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഇതിനോടനുബന്ധിച്ച് നൂതന കാർഷിക രീതികളും കാർഷിക അനുബന്ധ സാങ്കേതിക വിദ്യകൾ സംബന്ധിച്ച സെമിനാറുകളും കർഷകശാസ്ത്രജ്ഞ സംവാദങ്ങളും കാർഷിക പ്രദർശനവും സംഘടിപ്പിക്കുന്നു.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ വൈറസ് ഇൻഡക്സിംങ്ങ് ചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ട്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, രാഷ്ട്രീയ കൃഷി വികാസ് യോജന, അഖിലേന്ത്യ ഏകോപിത ഗവേഷണ പദ്ധതി എന്നിവയുടെ ധനസഹായത്തോടു കൂടിയാണ് ഇത് സാധ്യമാക്കിയിരിക്കുന്നത്. ഈ കേന്ദ്രത്തിൽ നിന്നും വിതരണം ചെയ്യുന്ന ടിഷ്യൂകൾച്ചർ തൈകൾ എല്ലാം തന്നെ രോഗവിമുക്തമാണെന്ന് സർട്ടിഫൈ ചെയ്തതാണ്. ടിഷ്യുകൾച്ചർ വാഴത്തൈകൾ വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുമ്പോൾ വൈറസ് ഇൻഡക്സിങ്ങ് വഴി തൈകൾ പരിപൂർണ്ണമായും രോഗവിമുക്തമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ മറ്റു ടിഷ്യൂകൾച്ചർ ലാബുകളിൽ ഉൽപാദിപ്പിക്കുന്ന തൈകൾ ഇൻഡക്സിങ്ങ് ചെയ്തു കൊടുക്കുന്നതാണ്. കൂടുതൽവിവരങ്ങൾക്ക് വൈറസ് ഇൻഡക്സിങ്ങ് ലബോറട്ടറി, വാഴ ഗവേഷണ കേന്ദ്രം, കേരള കാർഷിക

സർവ്വകലാശാല, കണ്ണാറ പി.ഒ, തൃശ്ശൂർ-680652 എന്ന വിലാസത്തിലോ, **0487–2699087** എന്ന ഫോൺ നമ്പരിലോ brskannara@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

4. കോഴിക്കോട് ജില്ലയിൽ 2022-23 സാമ്പത്തിക വർഷം 12 ലക്ഷം കുറ്റ്യാടി വിത്തുതേങ്ങകൾ സംഭരിക്കുമെന്ന് ഇ. കെ. വിജയൻ എംഎൽഎ അറിയിച്ചു. പദ്ധതിയുടെ നടത്തിപ്പിനായി വിവിധ ഇനങ്ങൾക്കായി 907.01 ലക്ഷം രൂപ കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. കാവിലുംപാറ പഞ്ചായത്ത് ഹാളിൽ നടന്ന വിത്തു തേങ്ങ വില നിർണയ യോഗത്തിൽ സംസാരിക്കുകയായിരുന്നു എം എൽ എ.

5. കുടപ്പനക്കുന്ന് സർക്കാർ കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയത്ത് 0471-2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## പരിശീലന പരിപാടികൾ

6. കേരള കാർഷിക സർവകലാശാല, മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വിജ്ഞാന വ്യാപന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 30-ന് **മൈക്രോഗ്രീൻസ്** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിന് https://forms.gle/NkmmCiP1fzPQK7z89 എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ മാസം 25-ആണ് രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള അവസാന തീയതി.

7. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽ കൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പേര് റജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഇന്ന് (നവംബർ 21) വൈകുന്നേരം 5 മണി വരെ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേരെ പങ്കെടുപ്പിക്കും. യുവ സംരംഭകർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് **0471–2501706, 9400831831** എന്നീ ഫോൺ നമ്പരുകളിൽ വിളിക്കുകയോ അല്ലെങ്കിൽ വാട്ട്സാപ്പ് സന്ദേശം അയയ്ക്കുകയോ ചെയ്യുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ** ഡിസംബർ 05 മുതൽ 09 വരെ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

9. നവംബർ മാസത്തിലെ ആദ്യ രണ്ടാഴ്ച്ചകൾ കാബേജ്, കോളിഫ്ളവർ തുടങ്ങിയ ശീതകാല പച്ചക്കറി വിളകൾ പ്രധാന കൃഷിയിടത്തിലേക്ക് പറിച്ചു നടുന്നതിനു അനുയോജ്യമായ സമയമാണ്. ഒക്ടോബർ ആദ്യ വാരത്തിൽ വിത്തിട്ടു മുളപ്പിച്ച തൈകളിൽ നിന്നും 30 ദിവസം പ്രായമായതും 4 മുതൽ 5 ഇല പരുവം എത്തിയതുമായ തൈകൾ ആണ് പ്രധാന കൃഷിയിടത്തിലേക്കോ ഗ്രോബാഗിലേക്കോ പറിച്ചുനടീലിനായി ഉപയോഗിക്കേണ്ടത്. പറിച്ചു നടീലിനായി നിലമൊരുക്കൽ പൂർത്തിയായ കൃഷിയിടങ്ങളിൽ 30 സെ.മീ ഉയരത്തിൽ വരമ്പുകൾ കോരി അതിൽ രണ്ടു വരികൾ തമ്മിൽ 60 സെന്റിമീറ്ററും രണ്ടു ചെടികൾ തമ്മിൽ 45 - 60 സെന്റീമീറ്ററും അകലത്തിൽ തൈകൾ പറിച്ചു നടാവുന്നതാണ്. ഗ്രോബാഗിലാണ് നടുന്നതെങ്കിൽ നട്ട ചെടികൾ 3 മുതൽ 4 ദിവസം തണലിൽ വച്ചതിനു ശേഷം നല്ല വെയിൽ കിട്ടുന്ന സ്ഥലത്തേക്ക് മാറ്റി വെക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം